ദേശാഭിമാനി

06 January 2020

# കഴിക്കാം, നീരാളി ബിരിയാണി മുതൽ കടൽമുരിങ്ങവരെ

**കൊച്ചി**

നീരാളി ബിരിയാണിമുതൽ ജീവനുള്ള കടൽമുരിങ്ങ വരെയുള്ള കടൽവിഭവങ്ങളുടെ സ്വാദറിയാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) വരാം. ബുധനാഴ്ചമുതൽ മൂന്നുദിവസം സിഎംഎഫ്ആർഐയിൽ നടക്കുന്ന മേളയിൽ രുചി നുണയുന്നതിനൊപ്പം പിടയ്ക്കുന്ന മീനുകളും അലങ്കാരമത്സ്യങ്ങളും ലഭ്യമാകും. മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എംബിഎഐ) സംഘടിപ്പിക്കുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയത്തിന്റെ ഭാഗമായാണ് പൊതുജനങ്ങൾക്കായി ഭക്ഷ്യമേള ഒരുക്കുന്നത്.